**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3240** **26-06-2024 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിനോദസഞ്ചാര മേഖലയിൽ സർക്കാർ നിക്ഷേപം വർദ്ധിപ്പിച്ചുകൊണ്ട് ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | വിനോദസഞ്ചാര മേഖലയിൽ സർക്കാർ മുതൽമുടക്കിൽ ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. കോവളം ടൂറിസം കേന്ദ്രം വികസനത്തിന് കിഫ്ബി വഴി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. വർക്കല, മൂന്നാർ, മലമ്പുഴ എന്നിവടങ്ങളിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കി വരുന്നു. |
| (ബി) | വിനോദസഞ്ചാര മേഖലയിൽ സ്ത്രീ പങ്കാളിത്തം ഉയർത്തുന്നതിനുവേണ്ടി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | കേരളത്തെ സമ്പൂർണ്ണ സ്ത്രീ സൗഹൃദ വിനോദസഞ്ചാര കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി, യു.എൻ വിമനുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയാണ് 'സ്ത്രീ സൗഹൃദ ടൂറിസം പദ്ധതി'. 2022 ഒക്ടോബർ 26 - ന് പദ്ധതിക്ക് തുടക്കമിട്ടു.<br><br>സ്ത്രീകളെ കൂടുതലായി ടൂറിസം രംഗത്തേക്ക് ആകർഷിച്ച് ടൂറിസം മേഖലയിലെ സ്ത്രീ പങ്കാളിത്തം ഉയർത്തുന്നതിനും, സ്ത്രീ സൗഹാർദ്ദ ടൂറിസം കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിനുമുള്ള വിവിധ അടിസ്ഥാന പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി മുഖേന നടത്തി വരുന്നു. സ്ത്രീകൾ നയിക്കുന്ന ഹോംസ്റ്റേകൾ, സ്ത്രീകളുടെ സുവനീർ യൂണിറ്റുകൾ എന്നിങ്ങനെ വിവിധ സ്ത്രീ കേന്ദ്രീകൃത പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി മുഖേന നടത്തി വരുന്നു.<br><br>പ്രാദേശിക ജനസമൂഹത്തിലെ സ്ത്രീകളെ മുഖ്യധാരയിലേക്ക് കൊണ്ട് വരുന്നതിന്റെ ഭാഗമായി പ്രയോജനപ്പെടുത്തുന്ന വിവിധ ടൂളുകളിൽ ഒന്നായ ജൻഡർ ഓഡിറ്റ്, ടൂറിസം രംഗത്തു നടത്തുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനം ആണ് കേരളം. നിലവിൽ 6 കേന്ദ്രങ്ങളിൽ ജൻഡർ ഓഡിറ്റ് നടന്നു വരുന്നു, പുതുതായി 10 കേന്ദ്രങ്ങളിൽക്കൂടി ഈ |

| | | | |
|---|---|---|---|
| | | | സാമ്പത്തിക വർഷം ജൻഡർ ഓഡിറ്റ് നടപ്പിലാക്കും. ഇതിന് പുറമെ 68 കേന്ദ്രങ്ങളിൽ സേഫ്റ്റി ഓഡിറ്റ് പൂർത്തിയാക്കി. |

സെക്ഷൻ ഓഫീസർ